**കേരള സർക്കാർ**
**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**
**ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്**
**തമ്പാനൂർ, തിരുവനന്തപുരം-695001**
E-mail: ceekinfo.cee@kerala.gov.in
Telephone: 0471 – 2332120, 2338487

**വിജ്ഞാപനം**

**കീം - 2026**
**എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം – 2026**

**ഒന്നാം ഘട്ട കേന്ദ്രീകൃത അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു**

കേരളത്തിലെ സർക്കാർ മെഡിക്കൽ/ദന്തൽ കോളേജുകളിലെയും സ്വാശ്രയ മെഡിക്കൽ/ദന്തൽ കോളേജുകളിലെയും 2026 ലെ എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലെ സംസ്ഥാന ക്വാട്ടാ സീറ്റുകളിലേയ്ക്കുള്ള ഒന്നാംഘട്ട അലോട്ട്മെന്റ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. **25.08.2026** ന് പ്രസിദ്ധീകരിച്ച താൽക്കാലിക അലോട്ട്മെന്റ് സംബന്ധിച്ച് വിദ്യാർത്ഥികളിൽ നിന്നും ലഭിച്ച സാധുവായ പരാതികൾ പരിഹരിച്ചശേഷമാണ് അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചിട്ടുള്ളത്.

അലോട്ട്മെന്റ് സംബന്ധിച്ച വിവരങ്ങൾ വിദ്യാർത്ഥികളുടെ ഹോം പേജിൽ ലഭ്യമാണ്. ഹോം പേജിൽ നിന്ന് വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റൗട്ട് നിർബന്ധമായും എടുക്കേണ്ടതാണ്. വിദ്യാർത്ഥിയുടെ പേര്, റോൾ നമ്പർ, അലോട്ട്മെന്റ് ലഭിച്ച കോളേജ്, അലോട്ട്മെന്റ് ലഭിച്ച കാറ്റഗറി, ഫീസ് സംബന്ധമായ വിവരങ്ങൾ എന്നിവ അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾക്ക് അവരവരുടെ ഹോം പേജിൽ നിന്നും അലോട്ട്മെന്റ് മെമ്മോയും ഡാറ്റാ ഷീറ്റും പ്രിന്റ് എടുക്കാവുന്നതാണ്. പ്രവേശനം നേടുന്ന സമയത്ത് ഡാറ്റാ ഷീറ്റ്, അലോട്ട്മെന്റ് മെമ്മോ, പ്രോസ്പെക്ടസ് ക്ലോസ് **11.7.1** പ്രകാരമുള്ള രേഖകൾ എന്നിവ കോളേജ് അധികാരികൾക്ക് മുന്നിൽ ഹാജരാക്കേണ്ടതാണ്.

സർക്കാർ മെഡിക്കൽ/ദന്തൽ കോളേജുകളിൽ അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയിൽ കാണിച്ചിട്ടുള്ളതും പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേരിൽ

അടയ്ക്കേണ്ടതുമായ ഫീസ് ഓൺലൈൻ പേയ്മെന്റ് മുഖാന്തിരം ഒടുക്കേണ്ടതാണ് . സ്വാശ്രയ കോളേജുകളിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയിൽ കാണിച്ചിരിക്കുന്ന തുക കോളേജുകളിൽ ഒടുക്കേണ്ടതാണ് . അലോട്ട്മെന്റ് ലഭിച്ച കോളേജുകളിൽ **29.08.2026 മുതൽ 05.09.2026 വൈകുന്നേരം 4.00 മണിയ്ക്കുള്ളിൽ** പ്രവേശനം നേടേണ്ടതാണ്.

അലോട്ട്മെന്റ് ലഭിക്കുന്ന എസ്.സി/എസ്.ടി/ഒ.ഇ.സി/ മത്സ്യത്തൊഴിലാളികളുടെ മക്കൾ/ഒ.ഇ.സിക്ക് ലഭ്യമായ ആനുകൂല്യങ്ങൾക്ക് അർഹമായ സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾ, 20.06.2005 തീയതിയിലെ G.O.(Ms)No.25/2005/SCSTDD, 23.05.2014 തീയതിയിലെ G.O.(Ms)No.10/2014/BCDD എന്നീ സർക്കാർ ഉത്തരവുകൾ അനുസരിച്ച് ഫീസ് ആനുകൂല്യത്തിന് അർഹരായ വിദ്യാർത്ഥികളും, ശ്രീ ചിത്രാഹോം, ജുവനൈൽഹോം, നിർഭയഹോം എന്നിവയിലെ വിദ്യാർത്ഥികളും ടോക്കൺഫീസ് അടയ്ക്കേണ്ടതില്ല. എന്നാൽ ഇത്തരം വിദ്യാർത്ഥികൾ സ്വാശ്രയ കോളേജുകളിലെ മൈനോറിറ്റി സീറ്റിൽ അലോട്ട്മെന്റ് ലഭിക്കുന്ന പക്ഷം അലോട്ട്മെന്റ് മെമ്മോയിൽ കാണിച്ചിട്ടുള്ള പ്രകാരമുള്ള ഫീസ് അടയ്ക്കേണ്ടതും ഫീസിളവിന് അർഹരല്ലാതാകുന്നതുമാണ്.

സ്വാശ്രയ മെഡിക്കൽ/ദന്തൽ കോളേജുകളിലെ 2026-27 വർഷത്തെ എം.ബി.ബി.എസ്/ബി.ഡി.എസ്. കോഴ്സുകളിലേയ്ക്കുള്ള ഫീസ് നിശ്ചയിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ സ്വാശ്രയ മെഡിക്കൽ/ദന്തൽ കോളേജുകളിൽ എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സിന് അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ 2025-26 വർഷത്തെ ഫീസ് താൽക്കാലികമായി അടയ്ക്കേണ്ടതും കൂടാതെ അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റി/സർക്കാർ/ബഹു.ഹൈക്കോടതി ഉത്തരവ് പ്രകാരം നിശ്ചയിക്കപ്പെടുന്ന 2026-27 വർഷത്തെ ഫീസ് അനുസരിച്ച് അധിക തുക അടയ്ക്കേണ്ടി വന്നാൽ പ്രസ്തുത തുക പിന്നീട് അടയ്ക്കേണ്ടതുമാണ്. ഇടക്കാല കോടതി ഉത്തരവുകളുടെ അടിസ്ഥാനത്തിലും/കിർത്താഡ്സ് പരിശോധന പൂർത്തിയാകാത്തതിനാലും വിവിധ കാറ്റഗറികളിൽ താത്ക്കാലികമായി ഇടം നേടിയവരുടെ ക്ലെയിമുകൾ/അലോട്ട്മെന്റുകൾ, അന്തിമ കോടതി വിധി/ കിർത്താഡ്സ് പരിശോധനയുടെ അന്തിമ ഫലത്തിനേയും അടിസ്ഥാനമാക്കിയായിരിക്കും. ഇത്തരം വിദ്യാർത്ഥികളുടെ ഈ ഘട്ടത്തിലെ അലോട്ട്മെന്റ് താത്ക്കാലികമായിരിക്കും.

എം.ബി.ബി.എസ് / ബി.ഡി.എസ് കോഴ്സുകളിലേയ്ക്കുള്ള രണ്ടാംഘട്ട അലോട്ട്മെന്റ് സംബന്ധിച്ച വിജ്ഞാപനം പിന്നീട് പ്രസിദ്ധീകരിക്കുന്നതാണ്. രണ്ടാംഘട്ട അലോട്ട്മെന്റിനു മുമ്പായി അർഹതയുള്ള വിദ്യാർത്ഥികൾക്ക് ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്തുന്നതിനും, നിലവിലുള്ള ഓപ്ഷനുകൾ ക്രമീകരിക്കുന്നതിനും, ആവശ്യമില്ലാത്ത ഓപ്ഷനുകൾ റദ്ദ് ചെയ്യുന്നതിനും

സൗകര്യം ലഭ്യമാകുന്നതാണ്.

***പ്രത്യേക ശ്രദ്ധയ്ക്ക് :*** *അലോട്ട്മെന്റ് ലഭിച്ചവരിൽ നിശ്ചിത സമയത്തിനുള്ളിൽ പ്രവേശനം നേടാത്ത മുഴുവൻ വിദ്യാർത്ഥികളുടെയും അലോട്ട്മെന്റും, ബന്ധപ്പെട്ട സ്ട്രീമിലെ ഹയർ ഓപ്ഷനുകളും റദ്ദാകുന്നതാണ്. നിശ്ചിത സമയത്തിനകം അഡ്മിഷൻ എടുക്കാത്തവരുടെയും, അഡ്മിഷൻ എടുത്ത ശേഷം ടി.സി വാങ്ങുന്നവരുടെയും രജിസ്ട്രേഷൻ ഫീസ് തിരികെ നൽകുന്നതല്ല.*

**ഹെൽപ് ലൈൻ നമ്പർ : 04712332120, 2338487**

Digitally signed by
Shibu A
Date: 27-08-2026
15:09:54

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
27-08-2026